**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1293** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ക്ലാസും ടെലിഫോൺ കമ്പനികളുടെ നിരക്ക് വർദ്ധനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരി തുടരുന്ന സാഹചര്യത്തിൽ ടെലിഫോൺ കമ്പനികളുടെ നിരക്ക് വർദ്ധനവ് വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് സാമ്പത്തിക ക്ലേശം ഉണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഓൺലൈൻ ക്ലാസുകൾ തുടരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് ആശ്വാസമായി നിരക്ക് വർദ്ധനവ് കുറയ്ക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ടെലികോം സേവനദാതാക്കൾ (TSPs)/ ഇന്റർനെറ്റ് സർവീസ് പ്രൊവൈഡേഴ്സ് (ISP), കേബിൾ ടി.വി. ഓപ്പറേറ്റേഴ്സ് എന്നിവരുടെ സേവനങ്ങൾ ലഭ്യമാകുന്നതിനായി ഉയർന്ന നിരക്കുകൾ ഈടാക്കുന്നുവെന്ന് പൊതുജനങ്ങളിൽ നിന്നും പരാതികൾ ലഭിച്ചതിനെ തുടർന്ന് ടെലികോം സേവനദാതാക്കൾ (TSPs), ഇന്റർനെറ്റ് സർവീസ് പ്രൊവൈഡേഴ്സ് (ISP), കേബിൾ ടി.വി. ഓപ്പറേറ്റേഴ്സ് തുടങ്ങിയവർ തങ്ങളുടെ സേവനങ്ങൾ നൽകുമ്പോൾ മിതമായ നിരക്കുകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഐ.ടി വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ ടെലികോം സേവനദാതാക്കളെയും ഉൾകൊള്ളിച്ചുകൊണ്ടുള്ള യോഗം ചേർന്ന് പ്രസ്തുത പ്രശ്നം പരിഹരിക്കണമെന്ന് ഡിപ്പാർട്ട്മെന്റ് ഓഫ് ടെലികമ്യൂണിക്കേഷൻസിനോടും (കേരള മേഖല) അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ 19.06.2021 ൽ ഐ.ടി വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ട്രൈബൽ മേഖലകളിലെ വിദ്യാർത്ഥികൾക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും കണക്ടിവിറ്റി നിരക്കുകളിൽ ഇളവുകൾ നൽകുന്നത് സംബന്ധിച്ച നിർദ്ദേശവും ടെലികോം സേവനദാതാക്കൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ